# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2687 18.06.2018 ൽ മറുപടിക്ക്**

**മങ്കട ചേരിയം ഹൈസ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2014-15 വർഷത്തെ എം.എൽ.എ ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി മങ്കട ചേരിയം ഹൈസ്കൂളിന് അനുവദിച്ച 50 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; | (എ) 50 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയ പ്രവൃത്തികളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾ, സർവ്വീസ് ടാക്സ്, എന്നിവ കഴിച്ച് സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പി.എ.സി. 46,07,379/- രൂപയാണ്. ടെണ്ടർ നിരക്ക് കുറവ് ചെയ്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ സമ്മതിച്ച തുക 39,16,271.79/- രൂപയാണ്. പ്രവൃത്തി ആരംഭിച്ച സമയത്ത് സ്കൂൾ അധികൃതരും പി.റ്റി.എ കമ്മിറ്റിയും മാറ്റങ്ങൾ നിർദ്ദേശിച്ചതിനാൽ ചില ഇനങ്ങൾ അധികമായി ചെയ്യേണ്ടി വന്നു ഗോവണിയുടെ കൈവരികൾ, സെറാമിക് ടൈൽ ഫ്ലോറിംഗ്, ജനലും വാതിലും ഉറപ്പിക്കൽ, പെയിന്റിംഗ് ജോലികൾ എന്നിവ ഒഴികെ ബാക്കി പ്രവൃത്തികൾക്ക് (അധികമായി ചെയ്തത് ഉൾപ്പെടെ) കരാറുകാരൻ സമ്മതിച്ച തുകയായ 39,16,272/- രൂപയോളം ചെലവഴിച്ചിട്ടുണ്ട്. |
| (ബി) കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് (ബിൽഡിംഗ്) വകുപ്പിനെ ചുമതലപ്പെടുത്തി നാളേറെയായിട്ടും കെട്ടിട നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം ലഭ്യമാക്കാമോ; | (ബി) ബാക്കി ഇനങ്ങൾ കൂടി ഉൾപ്പെടുത്തി 45,85,253/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഭരണ വകുപ്പിന് സമർപ്പിച്ചെങ്കിലും കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ അധിക തുക അനുവദിക്കുവാൻ കഴിയുകയില്ലെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മങ്കട ചേരിയം ഹൈസ്കൂൾ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | മേൽ പ്രവൃത്തിയുടെ ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിന് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നോ, ഭരണ വകുപ്പായ വിദ്യാഭ്യാസ വകുപ്പിൽ നിന്നോ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**